സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ

117 (457) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ;

(ബി) ക്ലാസിഫിക്കേഷൻ നടത്തുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അത് എന്നുവരെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന മൂലധനം, നിക്ഷേപ ബാക്കി നിൽപ്, വായ്പാ ബാക്കി നിൽപ്, ആഡിറ്റ് ക്ലാസിഫിക്കേഷൻ, ലാഭവിഹിതം പ്രഖ്യാപിച്ചത്, വായ്പയിന്മേലുള്ള കടിശ്ശിക (NPA) ശതമാനം, ജില്ലാ സഹകരണ ബാങ്ക്/അർബൻ ബാങ്ക് എന്നിവയാണെങ്കിൽ മൂലധന പര്യാപ്തത എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയും കേരള സഹകരണ ചട്ടത്തിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് സംഘങ്ങളെ/ബാങ്കുകളെ തരംതിരിക്കുന്നത്.

(ബി) കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ 19-1-2013-ലെ ജി.ഒ. (പി.)നം. 12/13/സഹ. പ്രകാരം ടി തീയതി മുതൽ 3 മാസത്തിനകം പ്രാഥമിക സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയം നടത്തിയിരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

മേൽ പരാമർശിച്ച ഉത്തരവുപ്രകാരം സംഘം/ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് അധികസമയം ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ട കാലാവധി 3 മാസത്തേയ്ക്കുകൂടി സഹകരണ സംഘം രജിസ്ട്രാർക്ക് ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അർബൻ സഹകരണ ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2013-ലെ സർക്കുലർ നം. 53/2013 പ്രകാരം പ്രസ്തുത തീയതി മുതൽ ഒരു മാസത്തിനകം ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly